File No.TRANS-B2/132/2020-TRANS

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

ഗതാഗത (ബി) വകുപ്പ്

നമ്പർ.ബി2/132/2020-ഗതാ. 29/06/2020, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ഗതാഗത കമ്മീഷണർ

സർ,

വിഷയം:- ഗതാഗത വകുപ്പ് - ലേണേഴ്സ് ലൈസൻസ് ടെസ്റ്റുകൾ ഓൺലൈനായി നടത്തുന്നതിന് അനുമതി - സംബന്ധിച്ച്

സൂചന:- ബഹു. ചീഫ് സെക്രട്ടറിയുടെ 26.06.2020 തീയതിയിലെ കുറിപ്പ്

ആർ.ടി.ഓഫീസുകളിൽ നടത്തി വരുന്ന ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി നിർത്തിവച്ചിരുന്നു. ആയത് ചുവടെ ചേർക്കുന്ന മാർഗ്ഗ-നിർദ്ദേശങ്ങൾ പാലിച്ച് ജൂലൈ 1 മുതൽ പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1. ലേണേഴ്സ് ലൈസൻസ് ടെസ്റ്റുകൾ ഇനി ഒരു അറിയിപ്പുണ്ടാകുന്നത് വരെ ഓൺലൈനായി നടത്തേണ്ടതാണ്.

2. അപേക്ഷകർക്ക് അവരവരുടെ സ്ഥലങ്ങളിലിരുന്ന് കമ്പ്യൂട്ടറോ മൊബൈൽ ഫോണോ ഉപയോഗിച്ച് ടെസ്റ്റുകളിൽ പങ്കെടുക്കാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

3. ടെസ്റ്റ് പാസ്സാകുന്ന അപേക്ഷകർക്ക് ഓൺലൈൻ ആയി തന്നെ ലേണേഴ്സ് ലൈസൻസ് നൽകുന്നതിനും അവർക്ക സ്വയം പ്രിന്റ് എടുത്തു ഉപയോഗിക്കാൻ കഴിയും വിധം ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

4. കോവിഡ് പശ്ചാത്തലത്തിൽ നിലവിൽ ലേണേഴ്സ് ലൈസൻസ് എടുത്തിട്ടുള്ളവർക്കും പുതുതായി എടുക്കുന്നവർക്കും 6 മാസത്തിനുള്ളിൽ കാലാവധി തീരുന്ന മുറയ്ക്ക് ലേണേഴ്സ് ലൈസൻസുകൾ ഓൺലൈൻ ആയിതന്നെ പുതുക്കാനും സൗകര്യം ഉണ്ടാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകൃതത്തിനായി

TRANSPORT COMMISSIONERATE
KERALA
RECEIVED ON
29 JUN 2020
INWARD No